# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1126 — 20/01/2014 ൽ മറുപടിക്ക്

### സ്കൂൾ യൂണിഫോം വിതരണം കാര്യക്ഷമമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>,, എ. കെ. ശശീന്ദ്രൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ; | എ) നിലവിൽ എസ്.എസ്.എ പദ്ധതിപ്രകാരം സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമായിരുന്ന സൗജന്യ യൂണിഫോം വിതരണം 2013-14 വർഷം എയിഡഡ് സ്കൂളുകളിൽ കൂടി 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അനുവദിക്കാൻ തീരുമാനിച്ചു. ആദ്യ സംരംഭം എന്ന നിലയിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളുടെ കണക്ക് ശേഖരിക്കുന്നതിനും, ഗുണമേന്മയുള്ള തുണിത്തരങ്ങൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുന്നതിന് കമ്പനികളെ എംപാനൽ ചെയ്യുന്നതിനുമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ സമയം വേണ്ടിവന്നതാണ് യൂണിഫോം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടത്. |

| | | | |
|---|---|---|---|
| ബി) | ഓരോ കുട്ടിക്കും രണ്ട് സെറ്റ് യൂണിഫോം വിതരണം ചെയ്യുന്നതിന് നാന്നൂറു രൂപ മാത്രം അനുവദിച്ചിരിക്കെ തയ്യൽക്കൂലിയിനത്തിൽ വരുന്ന ചെലവ് പി.റ്റി.എ.യ്ക്ക് / ഹെഡ്മാസ്റ്റർമാർക്ക് വൻബാദ്ധ്യതയായി മാറുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ഇല്ല. കേന്ദ്ര സർക്കാരിന്റെ MHRD മാനദണ്ഡപ്രകാരം ഒരു സെറ്റ് യൂണിഫോമിന് 200/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. |
| (സി) | സർക്കാർ ഉത്തരവിലെ അപ്രായോഗിക നിർദ്ദേശങ്ങൾ ഒഴിവാക്കി യൂണിഫോം വിതരണം കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ ഉത്തരവിൽ അപ്രായോഗിക നിർദ്ദേശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ